പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 611 | 29.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| **ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.ഇ.എസ്.ബിജിമോൾ**<br>**ശ്രീ.സി.ദിവാകരൻ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**( മുഖ്യമന്ത്രി)** |
| (എ) സർക്കാർ ആഫീസുകളിൽ സ്ത്രീകൾക്കെതിരായ ലൈംഗീകാതിക്രമങ്ങൾ തടയുന്നതിന് ആന്റി ഹരാസ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ സർക്കാരാഫീസുകളിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) സർക്കാർ ഓഫീസുകളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് വിശാഖയും മറ്റുള്ളവരും Vs. രാജസ്ഥാൻ സ്റ്റേറ്റും മറ്റുള്ളവരും എന്ന കേസിൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എല്ലാ വകുപ്പുകളിലും വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി 2013 ൽ കേന്ദ്ര സർക്കാർ നിയമ നിർമ്മാണം നടത്തുകയും, പ്രസ്തുത നിയമം 2013 ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വരുകയും ചെയ്തതിനെ തുടർന്ന് നിലവിൽ പ്രസ്തുത നിയമ പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും, സ്ഥാപനങ്ങൾക്കും വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകുകയും ആയത് അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) ജില്ലാ, ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലങ്ങളിലുമുള്ള ആഫീസുകളിൽ ജീവനക്കാരുടെ പരാതി പരിഹരിക്കാൻ പ്രത്യേക പാനൽ രൂപീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) 2013 ലെ കേന്ദ്ര സർക്കാർ നിയമ പ്രകാരം,10 - ൽ താഴെ ജീവനക്കാർ പണിയെടുക്കുന്നു എന്ന കാരണത്താൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്തതിനാലോ, തൊഴിലുടമയ്ക്കെതിരായ പരാതിയായതിനാലോ ഉള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിന് അതത് ജില്ലക്കായി ലോക്കൽ കംപ്ലെയിന്റ് കമ്മിറ്റികൾ രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക് അതത് ജില്ലാ കളക്ടർമാരെ ജില്ലാ ഓഫീസർമാരായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 10 ജില്ലകളിൽ ലോക്കൽ കംപ്ലെയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 ജില്ലകളിൽ ലോക്കൽ കംപ്ലെയിന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണെന്ന് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ആന്റി ഹരാസ്സ്മെന്റ് കമ്മിറ്റികളുടെയും പാനലുകളുടെയും ഘടന എന്തായിരിക്കും; എല്ലാ ആഫീസുകളിലും ഇവ രൂപീകരിക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ? | (സി) 2013 – ലെ നിയമത്തിലെ 4-ാം വകുപ്പിന്റെ 2-ാം ഉപ വകുപ്പിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റിയുടെ ഘടന വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അദ്ധ്യക്ഷനായി തൊഴിൽ സ്ഥലത്തെ സീനിയർ വനിതാ ഉദ്യോഗസ്ഥയും, തൊഴിലാളികളുടെ കൂട്ടത്തിൽ നിന്നും രണ്ടിൽ കുറയാത്ത അംഗങ്ങളും ഉൾപ്പെട്ടിരിക്കണം. അവർ സാമൂഹ്യ പ്രവർത്തനങ്ങളിലോ, നിയമ പരിജ്ഞാനമോ അല്ലെങ്കിൽ സ്ത്രീകളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരോ ആയിരിക്കണം. കൂടാതെ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന ഒരു അനൗദ്യോഗികാംഗവും ഉൾപ്പെട്ടിരിക്കണം. കമ്മിറ്റി രൂപീകരിക്കാത്ത എല്ലാ ആഫീസുകളിലും അടിയന്തിരമായി ആയത് രൂപീകരിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ